ആദ്യ ടെർമിനൽ മൂല്യനിർണ്ണയം-2024

കേരളപാഠാവലി: ക്ലാസ്: 5
സ്കോർ:25
നിർദ്ദേശങ്ങൾ:
ആദ്യത്തെ 15 മിനിട്ട് സമാശ്വാസസമയം ആണ്. ഈ സമയം ചോദ്യങ്ങൾ വായി ക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കണം.

ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി വേണം ഉത്തരം എഴുതാൻ ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം ഇവ പരിഗണിക്കണം.

7പ്രവർത്തനത്തിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരം എഴുതുക.5 സ്കോർ വീതം.

പ്രവർത്തനം-1

കേരളത്തിലെ ആദ്യത്തെ ജനകീയകവിയും തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപ ജ്ഞാതാവുമാണ്. നമ്മെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത കവി. പാലക്കാട് ലക്കിടിക്കടുത്ത് കിള്ളിക്കുറിശ്ശിയിൽ ജനനം. നാൽപ്പതിലേറെ തുള്ളൽ കൃതികൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. മെയ് 5 കുഞ്ചൻദിനമായി ആചരിക്കുന്നു. പ്രാചീനകവിത്രയ ത്തിലെ ഒരാൾ കൂടിയാണ് കുഞ്ചൻനമ്പ്യാർ.

a. ഇവിടെ ആരെക്കുറിച്ചാണ് പറയുന്നത്?

b. ഈ കുറിപ്പിന് ശീർഷകം നൽകുക.

C. ഇദ്ദേഹത്തെ ഏതെല്ലാം പേരിൽ അറിയപ്പെടുന്നുണ്ട്?

d. കുഞ്ചൻനമ്പ്യാർ ഏതുകവിത്രയത്തിൽ ഉൾപ്പെട്ട കവിയാണ്?

പ്രവർത്തനം-2

a. 'മണ്ണിന്റെ കിനാവുകൾ' എന്ന കവിതയിലൂടെ നമ്മൾ പരിചയപ്പെട്ടത് പ്രകൃതിയുടെ സൗന്ദര്യമാണ്. പ്രകൃതിസൗന്ദര്യത്തിനെക്കുറിച്ച് വർണ്ണന തയ്യാറാക്കുക.

b. "സന്ധ്യനെഞ്ചത്തെടുത്തു ലാളിച്ചതിൻ ചന്തമാകെപ്പകർന്ന ജമന്തികൾ" സന്ധ്യ ജമന്തികൾക്ക് എന്താണ് പകർന്ന് നൽകുന്നത്?

**End page 1**